ഉത്തരം

(എ) സെക്രട്ടേറിയറ്റിൽ 1-4-2010 മുതലാണ് പഞ്ചിംഗ് സിസ്റ്റം നടപ്പിലാക്കിയത്.

(ബി) കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) 40,80,500 (നാൽപ്പത് ലക്ഷത്തി എൺപതിനായിരത്തി അഞ്ഞൂറ്) രൂപ ഇതുവരെ ചെലവായിട്ടുണ്ട്.

(ഡി) ചീഫ് സെക്രട്ടറി തലത്തിലും സെക്രട്ടറി തലത്തിലും പഞ്ചിംഗ് സംവിധാനത്തിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച് കാലാകാലങ്ങളിൽ അവലോകനം നടത്തി പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തപ്പെടുന്നുണ്ട്.

സമരകാലയളവ് അർഹമായ ലീവായി പരിഗണിച്ച് സർവ്വീസ് ആനുകൂല്യം

9 (4342) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

അദ്ധ്യാപകരും സർക്കാർ ജീവനക്കാരും 2002-ൽ നടത്തിയ 32 ദിവസത്തെ സമരകാലയളവ് അർഹമായ ലീവായി പരിഗണിച്ച് പ്രസ്തുത കാലയളവിലെ എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ച് നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

സർക്കാർ ജീവനക്കാരുടെ വകുപ്പുമാറ്റം

10 (4343) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് ജോലി ചെയ്യുന്ന വകുപ്പിൽനിന്നും മറ്റൊരു വകുപ്പിലേക്ക് വകുപ്പുമാറ്റം അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ഇതുസംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പുമാറ്റം സംബന്ധിച്ച് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ റൂൾ 17(d)-യിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടും പാർട്ട്ടൈം ജീവനക്കാർക്ക് പാർട്ട്-ടൈം കണ്ടിജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ 12(d)-യിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടും മറ്റു ജീവനക്കാർക്ക് ആദ്യമായി ജോലി ലഭിച്ച വകുപ്പിൽ പ്രസ്തുത തസ്തികയിൽ 5 വർഷത്തെ സേവനം പൂർത്തിയാക്കിയ ശേഷവും അന്തർ വകുപ്പ് സ്ഥലം മാറ്റം നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം അന്തർ വകുപ്പ് സ്ഥലം മാറ്റം നൽകുമ്പോൾ സ്ഥലം മാറ്റം ലഭിക്കുന്ന വകുപ്പിൽ ടിയാൻ ജൂനിയർമോസ്റ്റ് ആകുന്നതും പുതുതായി പ്രൊബേഷൻ ആരംഭിക്കേണ്ടതുമാണ്.

(സി) പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) വിവരം ശേഖരിച്ചു വരുന്നു.

കൂട്ടവിരമിക്കലിനുശേഷം ഒഴിവുവന്ന തസ്തികകളിലെ നിയമനം

11 (4344) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ (പൊതുഭരണ വകുപ്പിൽ) നിന്നും 2010 മാർച്ച് 31-ന് എത്ര പേർ സർവ്വീസിൽ നിന്ന് വിരമിച്ചു ; തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിരമിക്കലിനെ തുടർന്ന് എത്ര പേർക്ക് തൊട്ടുതാഴെയുള്ള തസ്തികയിൽ നിന്നും പ്രൊമോഷൻ നൽകിയെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(സി) നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും വിശദമാക്കുമോ ;

(ഡി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ പ്രൊമോഷൻ നൽകി നിയമിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) പുതുതായി നിലവിൽ വന്ന സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്/ പി.എസ്.സി/ലോക്കൽ ഫണ്ട് റാങ്ക് ലിസ്റ്റിൽ നിന്നും പൊതുഭരണ വകുപ്പിൽ 2010 മാർച്ച് 31-ന് ശേഷം എൻട്രി കേഡറിൽ എത്ര പേർക്ക് നിമനം നൽകിയെന്നും വിശദമാക്കുമോ ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly